<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം **നം.2642**

**17.06.2019 -ൽ മറുപടിയ്ക്ക്**

**<u>തേക്കമരങ്ങൾ മുറിച്ച നീക്കി സ്വാഭാവിക വനം വളർത്തുന്നതിനെക്കുറിച്ച് പഠനം</u>**

| <u>ചോദ്യം</u><br>ശ്രീ. മഞ്ഞളാംകുഴി അലി : | <u>മറുപടി</u><br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) സംസ്ഥാനത്തെ വനങ്ങളിലെ തേക്കമരങ്ങൾ മുറിച്ചനീക്കി സ്വാഭാവിക വനം വളർത്തുന്നതിനെക്കുറിച്ച് പഠിയ്ക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണ് കമ്മിറ്റിയുടെ പഠനവിഷയങ്ങൾ; ഏത് തലത്തിലുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളത്; | (എ) സംസ്ഥാനത്തെ സംരക്ഷിത വനമഖലയിലെ തേക്കമരങ്ങൾ ഉൾപ്പെടെ മുറിച്ചമാറ്റി സ്വാഭാവിക വനം വച്ചു പിടിപ്പിക്കുന്നത് സംബന്ധിച്ച് ഒരു സാധ്യതാ പഠനം നടത്തുന്നതിന് സസ്യ വന്യജീവി ശാസ്ത്രജ്ഞർ ഉൾപ്പെടുന്ന ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തിന് തടി ഇറക്കുമതിയിലൂടെയുണ്ടാകുന്ന ചിലവും, മുറിച്ച് വിൽക്കുവാൻ കഴിയാത്ത തരത്തിൽ വന്യജീവി സങ്കേതങ്ങളിലും മറ്റുമുള്ള തേക്ക് പ്ലാന്റേഷനുകളുടെ വിസ്തീർണ്ണവും, അതിലെ തേക്ക് മരങ്ങളുടെ വ്യാപ്തിയും മുറിച്ച് വിറ്റാലുണ്ടാകുന്ന സാമ്പത്തിക നേട്ടവും, പകരം, സ്വാഭാവിക വനം ആയി രൂപപ്പെടുത്തിയാലുള്ള ഗുണങ്ങളും ഉൾപ്പെടെയുള്ള കാര്യങ്ങൾ വിദഗ്ധ സമിതിയുടെ പഠന വിഷയങ്ങളാണ്. പറമ്പിക്കുളം കടുവ |

| | |
|---|---|
| | സങ്കേതം ഏതാണ്ട് മുഴുവനായും തേക്ക് മരങ്ങൾ മാത്രമെ ഉള്ളൂ എന്ന് കഴിഞ്ഞ വർഷം പറമ്പിക്കുളം കടുവ സങ്കേതം സന്ദർശിച്ച ബഹു. നിയമസഭാ സാമാജികർ നേരിൽ കണ്ടു മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അവർ ഇപ്രകാരം ഒരു നിർദ്ദേശം മുന്നോട്ടു വച്ചിരുന്നു. അതുകൂടി പരിഗണിച്ചാണ് സർക്കാർ ഇങ്ങനെയൊരു തീരുമാനമെടുത്തത്. |
| (ബി) തേക്കുമരങ്ങൾ മുറിച്ചുനീക്കാനുള്ള തീരുമാനം സംസ്ഥാനത്തെ വന്യജീവി സംരക്ഷണത്തെ ഏതെങ്കിലും തരത്തിൽ പ്രതികൂലമായി ബാധിക്കുമോയെന്ന് പ്രാഥമിക വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (ബി) തേക്ക് ഉൾപ്പെടെയുള്ള മരങ്ങൾ മുറിച്ചു മാറ്റുന്നത് വന്യജീവി സംരക്ഷണത്തെ ഏപ്രകാരം ബാധിക്കുമെന്ന് സമിതിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിലയിരുത്താൻ കഴിയുന്നതാണ്. |
| (സി) ദേശീയോദ്യാനങ്ങളിലും വന്യജീവി സങ്കേതങ്ങളിലുമുള്ള മരങ്ങൾ നശിപ്പിക്കപ്പെടുന്നതിന് പ്രസ്തുത തീരുമാനം ഇടയാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിലെ സർക്കാർ നയം വ്യക്തമാക്കുമോ? | (സി) വിദഗ്ധ സമിതിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് ഈ വിഷയത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ